©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE

# കേരള ഗസററ്

## EXTRAORDINARY

## അസാധാരണം

## PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്



| | | | | |
|---|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 12th July 2011<br>2011 ജൂലൈ 12<br>21st Ashadha 1933<br>1933 ആഷാഢം 21 | No.<br>നമ്പർ | 1345 |



## കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 17207/ലെഗ്.എ2/2010/നിയമം. *തിരുവനന്തപുരം, 2011 ജൂലൈ 12*
*1933 ആഷാഢം 21.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2011 ജൂലൈ 12-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,
*നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.

33/2610/2011/DTP.

**2011-ലെ 12-ാം ആക്റ്റ്**

## 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ആക്റ്റ്

2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 2010 സെപ്റ്റംബർ 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിലെ (2005-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ, "പതിനേഴ് ലക്ഷം രൂപ" എന്ന വാക്കുകൾക്കുപകരം "അൻപതു ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ, "ഏഴ് ലക്ഷം രൂപ" എന്ന വാക്കുകൾക്കുപകരം "ഇരുപത്തിയഞ്ചുലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.



3. 10-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പ് (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) (1) മുതൽ (3) വരെ ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അന്യസംസ്ഥാനത്തിനോ കേന്ദ്രഭരണപ്രദേശത്തിനോ ഭാരത സർക്കാരുമായി ഉഭയകക്ഷി കരാറിലോ ഉടമ്പടിയിലോ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും രാജ്യത്തിനോ വേണ്ടി സംഘടിപ്പിക്കുകയോ നടത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന ഒരു ലോട്ടറിയുടെ സംഗതിയിൽ, 1998-ലെ ലോട്ടറീസ് റഗുലേഷൻ ആക്റ്റിലെയും (1998-ലെ 17-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്നുള്ള അതാത് സംസ്ഥാന സർക്കാർ അഥവാ കേന്ദ്രഭരണപ്രദേശം അഥവാ രാജ്യം നൽകുന്ന ഒരു സർട്ടിഫിക്കറ്റും അതാത് സർക്കാരുകൾ നൽകുന്ന താഴെപ്പറയുന്ന വിശദാംശങ്ങളും സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ മാത്രമേ അപേക്ഷ സമർപ്പിക്കുന്ന പ്രൊമോട്ടർമാരിൽനിന്നോ അവർക്കു വേണ്ടിയോ മുൻകൂർ നികുതി സ്വീകരിക്കുവാൻ പാടുള്ളൂ:—

(i) ഭാഗ്യക്കുറിയുടെ പേര് ;

(ii) ഭാഗ്യക്കുറി ടിക്കറ്റിന്റെ വില ;

(iii) എത്ര ടിക്കറ്റുകളാണ് പ്രിന്റ് ചെയ്യപ്പെട്ടത് ;

(iv) പ്രിന്റ് ചെയ്യുന്ന പ്രസ്സിന്റെ വിശദാംശങ്ങൾ ;

(v) പ്രിന്റ് ചെയ്യുന്ന ടിക്കറ്റുകളുടെ മൊത്തം മൂല്യം ;

(vi) സംസ്ഥാന സർക്കാരിന്റെ വില്പന ഏജന്റുമാർ, വിതരണക്കാർ, പ്രൊമോട്ടർമാർ എന്നിവരുടെ വിലാസം ;

(vii) സമ്മാന ഘടന ;

(viii) സമ്മാനത്തുകയായി പ്രഖ്യാപിക്കുന്ന തുക ;

(ix) നറുക്കെടുപ്പുകളുടെ ഇടവേള ;

(x) നറുക്കെടുപ്പ് നടത്തുന്ന സ്ഥലം ;

(xi) നറുക്കെടുപ്പിനായി അവലംബിക്കുന്ന രീതി.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ഓർഡിനൻസ് (2011-ലെ 29) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റുപ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.



GOVERNMENT OF KERALA

**Law (Legislation-A) Department**

NOTIFICATION

No. 17207/Leg. A2/2010/Law. *Dated, Thiruvananthapuram, 12th July, 2011 / 21st Ashadha, 1933.*

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in the English Language of the Kerala Tax on Paper Lotteries (Amendment) Act, 2011 (12 of 2011).

By order of the Governor,

C. K. PADMAKARAN,
*Special Secretary, (Law).*

[Translation in English of "2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 12 OF 2011

## THE KERALA TAX ON PAPER LOTTERIES (AMENDMENT) ACT, 2011

*An Act further to amend the Kerala Tax on Paper Lotteries Act, 2005.*

*Preamble.*—Whereas, it is expedient further to amend the Kerala Tax on Paper Lotteries Act, 2005, for the purposes hereinafter appearing ;

Be it enacted in the Sixty-second Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Tax on Paper Lotteries (Amendment) Act, 2011.

(2) It shall be deemed to have come into force on the 13th day of September, 2010.

2. *Amendment of section 6.*—In section 6 of the Kerala Tax on Paper Lotteries Act, 2005 (20 of 2005) (hereinafter referred to as the principal Act), in sub-section (1),—

(i) in clause (a), for the words "Seventeen lakh rupees", the words "Fifty lakh rupees" shall be substituted ;

(ii) in clause (b), for the words "Seven lakh rupees", the words "Twenty five lakh rupees" shall be substituted.

3. *Amendment of section 10.*—In section 10 of the principal Act, after sub-section (4), the following sub-section shall be inserted, namely:—

"(5) Notwithstanding anything contained in sub-sections (1) to (3), in the case of a lottery organised, conducted or promoted on behalf of other State or Union Territory or any Country which had entered into a bilateral agreement or a treaty with the Government of India, the advance tax shall be received from the promoters submitting the applications or on their behalf only on being satisfied on verification of the applications submitted along with a certificate issued by the respective State Government or Union Territory or Country to the



effect that the provisions of the Lotteries (Regulation) Act, 1998 (Central Act 17 of 1998) and the rules made thereunder have been complied with and also the details stated below furnished by the respective Governments:—

(i) Name of the lottery;

(ii) Price of the lottery tickets;

(iii) Number of tickets printed;

(iv) Details of the printing press;

(v) Gross value of the tickets printed;

(vi) The address of the selling agents, distributors and promoters of the State Government;

(vii) Prize structure;

(viii) Amount offered as prize money;

(ix) Interval between the draws;

(x) Place where the draw is being conducted;

(xi) Manner in which draw is conducted.".

4. *Repeal and saving.*—(1) The Kerala Tax on Paper Lotteries (Amendment) Ordinance, 2011 (29 of 2011) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.